**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3936

31/1/2014-ൽ മറുപടിയ്ക്ക്

**പാരമ്പര്യ വ്യവസായ സംരക്ഷണത്തിന് നടപടി**

**ചോദ്യം**
ശ്രീ. എ.എ. അസീസ്

**ഉത്തരം**
ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവുംവിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) പാരമ്പര്യ വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) & (ബി) കശുവണ്ടി വ്യവസായം ഉൾപ്പെടെയുള്ള പാരമ്പര്യ വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ ? | |

Anaden

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കരകൗശലമേഖല

- സംസ്ഥാനത്തെ കരകൗശലമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഗുണമേൻമയുള്ള കരകൗശല ഉല്പന്നങ്ങൾ കരകൗശലവികസന കോർപ്പറേഷൻ ശേഖരിച്ച് ഭാരതത്തിലുടനീളം വ്യാപിച്ചു കിടക്കുന്ന 20 വിപണന ശാലകൾ വഴി വിൽപന നടത്തി വരുന്നു. ഇവരുടെ ഉൽപന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന് വേണ്ടി ഇവരിൽ തയ്യാറുള്ളവരെ സംഘടിപ്പിച്ചു കൊണ്ട് ദേശീയതലത്തിൽ ഗാന്ധി ശിൽപ ബസ്സാറുകൾ, ക്രാഫ്റ്റ്സ് ബസാറുകൾ, മറ്റ് പ്രദർശന വിപണന മേളകൾ എന്നിവ രാജ്യത്തിന്റെ പല ഭാഗങ്ങളിലും സംഘടിപ്പിച്ചു വരുന്നു.
- ഈ മേഖലയുടെ പരിപോഷണത്തിനായി പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനും നവീകരണ പ്രക്രിയ നടപ്പിലാക്കുന്നതിനും മറ്റുമായി തുച്ഛമായ പലിശ നിരക്കിൽ വ്യവസ്ഥകൾക്ക് വിധേയമായി കരകൗശല തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.
- കരകൗശലവികസന കോർപ്പറേഷന് 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5.60 കോടി രൂപ അനുവദിച്ചു.2013-14 ലെ ബഡ്ജറ്റിൽ ഹാന്റിക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ,കേരള ആർട്ടിസാൻസ് കോർപ്പറേഷൻ, സുരഭി,കെൽപാം ,ബാംബൂ കോർപ്പറേഷൻ എന്നിവയ്ക്ക് വകയിരുത്തിയിട്ടുള്ള മൂന്ന് കോടി രൂപയ്ക്ക് പുറമേ മൂന്ന് കോടി രൂപ കൂടി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.
- കരകൗശല രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് സ്കിൽ അപ്പ്ഗ്രഡേഷൻ വഴി കൂടുതൽ വരുമാനം നല്കുവാനുതകുന്ന ഒരു പദ്ധതി തയ്യാറാക്കുവാനും ഉദ്ദേശിക്കുന്നു.
- ആർട്ടിസാൻസ് യൂണിറ്റുകൾക്കും ആർട്ടിസാൻസ് തൊഴിലാളികൾക്കും പരമാവധി തൊഴിലും തൊഴിലവസരങ്ങളും ലഭ്യമാക്കുന്നതിനായി ആധുനിക രീതിയിലുള്ള പരിശീലനങ്ങൾ കാഡ്കോ നടപ്പിലാക്കി വരുന്നു.

### കൈത്തറി മേഖല

- അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുകയും ,നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുകയും ചെയ്യുന്നു.
- കയറ്റുമതി പ്രോൽസാഹിപ്പിക്കുവാൻ സബ്സിഡി നൽകി വരുന്നു. കൈത്തറി നെയ്ത്തുകാർക്കുവേണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും, എൽ.ഐ.സിയും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ചേർന്ന് കൈത്തറി നെയ്ത്തുകാർക്ക് എം.ജി.ബി.ബി.വൈ എന്ന ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.
- കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായവിലക്ക് യഥാസമയം ലഭിക്കുന്നതിനായി 7 യാൺ ബാങ്കുകൾ പ്രവർത്തിച്ചുവരുന്നു.
- കേന്ദ്ര ഗവൺമെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പിലാക്കി വരുന്നു.

- കൈത്തറി വസ്തുങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം നടത്തി വരുന്നു.
- പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം ,കൈത്തറി നെയ്ത്തു സംഘങ്ങൾക്കും ഫാകടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലും പ്രോസസിംഗിൽ ഭാഗീക യന്ത്രവൽകരണത്തിന് 100% ഗ്രാന്റ് എന്നിവ നൽകുന്നുമുണ്ട്
- അംശദാന മിതവ്യയപദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക്സാമ്പത്തിക പദ്ധതി നടപ്പിലാക്കുന്നുണ്ട്.
- കൈത്തറി തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ട്.
- കൈത്തറി മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെ പുനരുദ്ധാരണ പുനരാവിഷ്കൃത പാക്കേജ് നടപ്പിലാക്കി വരുന്നു.

**<u>കയർ മേഖല</u>**

- കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംഘങ്ങൾക്ക് നൽകിയിരുന്ന പ്രവർത്തന മൂലധ ഗ്രാന്റിന്റെ പരിധി മാറ്റ്& മാറ്റിംഗ് സംഘങ്ങൾക്ക് 7.50 ലക്ഷം രൂപയിൽ നിന്നും 10.00 ലക്ഷം രൂപയായും മറ്റു സംഘങ്ങൾക്ക് 5.00 ലക്ഷം രൂപയിൽ നിന്നും 7.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. 2011-12-ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406/- രൂപയും, 2012-13 ൽ 446 സംഘങ്ങൾക്ക് 9,04,47,648/-രൂപയായും,2013-14 ൽ 78 സംഘങ്ങൾക്ക് 1,45,25,260/- രൂപയും പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനമായി അനുവദിച്ചു.
- അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം 2011-12 വർഷം 1,27,50,175 രൂപ 54 സംഘങ്ങൾക്കും, 2012-13 വർഷം 2,07,59,149/-രൂപ 58 സംഘങ്ങൾക്കും, 2013-14 വർഷം 9,73,27,903/-രൂപ 127 സംഘങ്ങൾക്കും അനുവദിച്ചു.
- കയർപിരി മേഖലയിലെ കുറഞ്ഞകൂലി 260/-രൂപയായും,ഉല്പന്ന മേഖലയിലെ കുറഞ്ഞകൂലി 360/-രൂപയായും വർദ്ധിപ്പിച്ചു.
- കയർപിരി,ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നല്കുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പാക്കി വരുന്നു.
- ചകിരി ഉല്പാദക സംഘങ്ങളെ പുനരുദ്ധാരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- സബ്സിഡി നിരക്കിൽ ചകിരി, സംഘങ്ങൾക്ക് നൽകുന്നതിനായി നടപടികൾ സ്വീകരിച്ചു.
- നിലവിലുള്ള തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾക്ക് പുറമേ ചെറുതും വലുതുമായ ഡീഫൈബറിംഗ് മെഷീനുകൾ ഉപയോഗിക്കുന്ന കയർ സംഘങ്ങൾക്കും നേരിട്ട്

തൊണ്ട് സംഭരിക്കുന്നതിന് സഹായകമായ രീതിയിലും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചു കൊണ്ട് തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ചു നടപ്പാക്കുന്നു.കയർ പൊതുമേഖല സ്ഥാപനങ്ങൾ കയർ ഫെഡ്,കയർ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് പ്രോജക്റ്റ് അധിഷ്ഠിത സഹായങ്ങൾ നൽകി ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു.

## ഖാദിമേഖല

- സംസ്ഥാന സർക്കാരിന്റെയും ഖാദി കമ്മീഷന്റെയും സാമ്പത്തിക സഹായത്തോടെ ഖാദി ബോർഡ് നടപ്പാക്കിവരുന്ന എല്ലാ ഖാദി ഗ്രാമ വ്യവസായ പദ്ധതികളും കേരളത്തിലെ പല പരമ്പരാഗത വ്യവസായങ്ങളുടെയും ഉന്നമനത്തിന് ഉതകുന്നുണ്ട്.

- കഴിഞ്ഞ 5 വർഷങ്ങളായി സംസ്ഥാനസർക്കാരിന്റ ധനസഹായത്തോടെ ബോർഡ് നടപ്പാക്കിവരുന്ന "പ്രത്യേക തൊഴിൽദാന പദ്ധതി"യിൽ കൂടി സംസ്ഥാനത്തെ വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് പുതുജീവൻ നല്കുവാൻ ബോർഡിന് സാധിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം ഈയിനത്തിനായി 2 കോടി രൂപയും 2013-14 വർഷം 2.50 കോടി രൂപയും സർക്കാരിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

- ഗ്രാമ വ്യവസായത്തിൽപ്പെടുന്ന കുമ്മായം, കളിമൺ പാത്രം, കരിപ്പെട്ടി, പനം കൽക്കണ്ടം, സോപ്പ് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് പുനരുജ്ജീവന പരിപാടികൾ (ആകെ പ്രോജക്റ്റ് ചെലവിന്റെ 75%) ആവിഷ്ക്കരിക്കുന്നതിന് ഗ്രാമ വ്യവസായ സഹകരണസംഘങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് ധനസഹായം എന്ന ശീർഷകത്തിൻ കീഴിൽ 2013-14 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- പോട്ടറി (കളിമൺ) വ്യവസായത്തിനായി 50 ലക്ഷം രൂപ 2011-12 പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു.

- ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന ഖാദി സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 2010-11 വർഷം 25 ലക്ഷം രൂപയും 2012-13 വർഷം 6 ലക്ഷം രൂപയും 2013-14 വർഷം 16 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.ഈ മേഖലയിലെ മറ്റു സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 2010-11 വർഷം 25 ലക്ഷം രൂപയും2011-12 വർഷം ഇതിലേയ്ക്കായി 25 ലക്ഷം രൂപയും 2012-13 വർഷം 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

- ഖാദി മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിന്റെ ഭാഗമായി തറികളുടെയും ചർക്കകളുടെയും ആധുനീകവത്ക്കരണത്തിനുവേണ്ടിയും ഖാദി മേഖലയുടെ നവീകരണത്തിനുവേണ്ടിയും ഈ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനായും കേരളസർക്കാർ നിയോഗിച്ച ശ്രീ.പി.ഗോപിനാഥൻനായർ ചെയർമാനായ കമ്മിറ്റി അഞ്ച് വർഷത്തേക്ക് വേണ്ടി 120 കോടി രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ആദ്യ വർഷത്തേക്കായി സമർപ്പിച്ച 29.46 കോടി രൂപയുടെ പ്രൊപ്പോസലിൽ ആദ്യ ഗഡുവായി 96 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

- ഖാദി തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുക വിനിയോഗിച്ച് മിനിമം വേതനം നൽകി വരുന്നുണ്ട്. 2013-14 വർഷം ഇൻകം സപ്പോർട്ട് സ്കീം

പ്രകാരം 18 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

- ഏറ്റുകടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി.
- വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപനക്ക് 10% റിബേറ്റും ഇതിന് പുറമേ ഉൽസവകാലങ്ങളിൽ 10%അധിക റിബേറ്റും നൽകുന്നുണ്ട്.
- ഖാദി മേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിനായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പുതിയ ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കി. ഖാദി മേഖലയിൽ നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. ഖാദി വസ്ത്രങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings/ sliver വിതരണം ചെയ്യുന്നുണ്ട്.
- പരമ്പരാഗത വ്യവസായങ്ങളെ കൂടുതൽ ഉല്പാദനപരവും മൽസരാധിഷ്ഠിതവുമാക്കുന്നതിന് പാലക്കാട്, മലപ്പുറം,കോഴിക്കോട് ജില്ലകൾക്കായി 2012-13 ൽ ഒരു ഖാദി ക്ലസ്റ്റർ സ്ഥാപിച്ചു. 2013-14 വർഷത്തേക്ക് എറണാകുളം,ആലപ്പുഴ,കോട്ടയം പ്രോജക്ടുകളുടെ കീഴിൽ ഒരു ഖാദി ക്ലസ്റ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

**പനമ്പ് മേഖല**

- ഈറ്റ പനമ്പുമേഖലയെ പുനരുദ്ധരിക്കുന്നതിനായി കേരള സംസ്ഥാന ബാംബൂകോർപ്പറേഷൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും ഇത് കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകളുടെNMBA യുടെയും മറ്റും സാമ്പത്തിക സഹായത്തോടെ നടപ്പാക്കി വരികയും ചെയ്യുന്നു.
- NMBA യുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും സഹായത്തോടെ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി മുള ഉപയോഗിച്ച് ഫ്ലാറ്റൻഡ് ബാംബു ബോർഡ് നിർമ്മിച്ചു വിപണിയിലിറക്കി,മുള ഉപയോഗിച്ചുതന്നെ ഫ്ലോറിംഗ് ടൈൽസ് ഉണ്ടാക്കുന്ന ഒരു കമ്പനി നല്ലളത്ത് സ്ഥാപിച്ചു.
- പനമ്പു നെയ്ത്തു മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിലൂടെ പനമ്പു നെയ്ത്തുകാരുടെ അദ്ധ്വാനഭാരം ലഘൂകരിക്കപ്പെട്ടു.ഈറ്റവെട്ട് തൊഴിലാളികൾക്ക് 2013 മേയ് മാസം മുതൽ മിനിമം വേതനം നടപ്പിലാക്കി ഇത് ഈ രംഗത്തെ തൊഴിലാളികളുടെ വരുമാനവർദ്ധനവിന് കാരണമായിട്ടുണ്ട്.

**കശുവണ്ടിമേഖല**

- കശുവണ്ടിമേഖലയിലെ വികസനത്തിനായി റിജുവിനേഷൻ ഓഫ് കാഷ്യൂ ഇൻഡസ്ട്രി, മോഡേണൈസേഷൻ ഓഫ് കാഷ്യൂ ഫാക്ടറി, അപ്ഗ്രഡേഷൻ ഓഫ് ഫെസിലിറ്റീസ് എന്നീ പദ്ധതികൾ സർക്കാരിന്റെ ധനസഹായത്തോടുകൂടി കേരള കശുവണ്ടി വികസന കോർപ്പറേഷൻ,കാപ്പക്സ് എന്നീ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നു.

- കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ ദിവസം തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വികരിച്ച് വരുന്നു.
- തോട്ടണ്ടിയുടെ ലഭ്യതയ്ക്കുവേണ്ടി കശുമാവ് കൃഷി വ്യാപിപ്പിക്കുകയും കൂടുതൽ പ്രവർത്തന മൂലധനം അനുവദിക്കുകയും ചെയ്തുവരുന്നു.
- തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിനായി ഭാഗികമായ യന്ത്രവൽക്കരണം നടപ്പാക്കി.
- കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നത് ലക്ഷ്യമിട്ട് സർക്കാർ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 41.70 കോടി രൂപയും കാപെക്സിന് 2013-14 കാലയളവിൽ 25.30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റിതര ഫണ്ടിൽ വകകൊള്ളിച്ച് 20 കോടി രൂപ പ്രവർത്തന മൂലധനമായും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്.

## കരിമ്പന വ്യവസായം

- കരിമ്പന പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് കെൽപാമും എൽ.ഐ.സി-യുമായി ചേർന്ന് ഗ്രൂപ്പ് ഇൻഷുറൻസ് ക്ഷേമ പദ്ധതി (ജനശ്രീ ഭീമയോജന പദ്ധതി) ,പനംകൃഷി വ്യാപനവും, സാമൂഹ്യവൽക്കരണവും ,പനഉൽപന്ന വികസനവും കരകൗശല ഉൽപന്ന വികസനവും പന ഉൽപന്ന പരിശീലന പദ്ധതികൾ, സ്വയം തൊഴിൽ പദ്ധതിക്കുവേണ്ടി എൻ.ബി.സി എഫ്.ഡി.സി യുടെ കുറഞ്ഞ നിരക്കിലുള്ള വായ്പ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു.

## ബീഡി വ്യവസായം

- പുകവലി നിരോധനത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

Omadev

സെക്ഷൻ ഓഫീസർ